12

# പുതിയ നിയമസഭ

ഈ ലോകത്തിൽ ജീവിക്കുന്നതിന്, തീരുമാനങ്ങൾ എടുക്കേണ്ടത് ആവശ്യമാണ്. നമ്മുടെ തീരുമാനങ്ങളിൽ അധികവും ചെറുതും, നൈമിഷികവും ഏതാണ്ട് അപ്രധാനവുമാണ്. മറ്റു പ്രാധാന്യമുള്ള തീരുമാനങ്ങൾ, നാം ദൈവമുൻപാകെ ഈ ലോകജീവിതത്തിൽ തീരുമാനിച്ച് നമ്മുടെ നിത്യലക്ഷ്യസ്ഥാനം ഉറപ്പിക്കുന്നു. ഈ തീരുമാനങ്ങൾ നമ്മുടെ ജീവിതത്തെ നിത്യമായി ബാധിക്കകൊണ്ട് ഗൗരവമായി ചിന്തിച്ച് പ്രാർത്ഥനയോടെ എടുക്കേണ്ടതാണ്. പുതിയ നിയമസഭയിൽ പ്രവേശിക്കുന്നതിനേക്കാൾ ദൂരവ്യാപകമായ മറ്റൊരു തീരുമാനത്തെ നമുക്കു പരിഗണിക്കാൻ സാദ്ധ്യമല്ല. ഈ ചോദ്യത്തെ സംബന്ധിച്ച തീരുമാനം ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ ദൈനന്തിന ജീവിതം, നമ്മുടെ ആത്മിയ വ്യക്തിത്വം, നമ്മുടെ ആരാധന, നമ്മുടെ ആത്മിയ സേവനം എന്നിവയെ ബാധിക്കുന്നതാണ് ഈ ചോദ്യം; പിന്നെ, പരിഗണിക്കേണ്ടത് ഗൗരവമായ തിരുവചന പരിശോധനയാലും ദുരഭിമാനം അകറ്റിയുള്ള വിവേചനത്താലും ആയിരിക്കണം.

നമ്മുടെ ബന്ധവും സമർപ്പണവും അപേക്ഷിക്കുന്ന വ്യത്യസ്ത സഭകൾ ലോകത്തിൽ നിറയെ ഉണ്ട്. തീരുമാനം എടുക്കണം. ഏതാണ് പുതിയ നിയമസഭ? നാം എങ്ങനെ തീരുമാനിക്കും?

സാമാന്യബുദ്ധി ഉപയോഗിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സഹായകരമായതു ശ്രദ്ധയോടെ തെളിവുകളും പരിശോധിച്ച് ശരിയായ തിരഞ്ഞെടുപ്പ് നടത്താം, ദൈവത്തെ പ്രസാദിപ്പിക്കുന്ന തിരഞ്ഞെടുപ്പായിരിക്കയും വേണം. ആത്മാർത്ഥതയോടെ ഈ മാർഗ്ഗനിർദ്ദേശങ്ങൾ നാം പിൻപറ്റിയാൽ, ലോകത്തിൽ ഇന്നു പുതിയ നിയമസഭ കണ്ടെത്താൻ സാധിക്കും.

എന്തെല്ലാമാണ് ആ മാർഗ്ഗ നിർദ്ദേശങ്ങൾ?

## ഒന്നാം നൂറ്റാണ്ടിൽ സഭ എങ്ങനെ തിരിച്ചറിഞ്ഞു?

പുതിയ നിയമത്തിൽ സഭയെക്കുറിച്ചുള്ള ആദ്യത്തെ കാഴ്ചപ്പാട് പ്രവൃത്തികളുടെ പുസ്തകം 2-ാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്തു കാണാം. സുവിശേഷങ്ങൾ നമ്മിൽ സഭയ്ക്കു വേണ്ടിയുള്ള പ്രതീക്ഷയും, കാത്തിരുപ്പും, ഉണ്ടായതു യേശുവും അപ്പൊസ്തലന്മാരും അതിനെ സംബന്ധിച്ചു പ്രവചനങ്ങൾ നല്കിയതു രേഖപ്പെടുത്തിയതു കൊണ്ടാണ് (മത്തായി 16:18; മർക്കൊസ് 9:1; പ്രവൃത്തികൾ 1:4-8). പിന്നെ പ്രവൃത്തി 2-ൽ, സഭ ആരംഭിച്ചപ്പോൾ, പരിശുദ്ധാത്മാവിനാൽ സഭ നിലനില്ക്കുന്ന ചിത്രമാണ് നല്കുന്നത്.

സഭയെക്കുറിച്ചുള്ള ഈ ചിത്രം അതിന്റെ മുഖ്യസ്വഭാവത്തെ കണ്ടെത്താൻ സഹായിക്കുന്നു. പിന്നീട് വാസ്തവത്തിലുള്ള ജീവിതത്തിൽ കർത്താവു സ്ഥാപിച്ച സഭ എങ്ങനെയായിരിക്കും എന്നു ഊഹിക്കേണ്ട ആവശ്യമില്ല.

പ്രവൃത്തി 2-ൽ ലൂക്കൊസ് നല്കുന്ന സഭയുടെ ചിത്രത്തിന്റെ മുഖ്യലക്ഷ്യങ്ങൾ ശ്രദ്ധയോടെ പരിശോധിക്കുക:

> അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചുംപോന്നു. എല്ലാവർക്കും ഭയമായി; അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നെണ്ണുകയും; ജന്മ ഭൂമികളും വസ്തുക്കളും വിറ്റു അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും, ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വരികയും, വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും, സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തികൾ 2:42-47).

ഈ ചിത്രത്തിൽ നിന്നു - സഭയുടെ എന്തു സ്വഭാവവിശേഷതയാണ് നാം ഇവിടെ കാണുന്നത്?

## സമർപ്പണത്തിൽ ശക്തി

അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ സ്ഥിരമായ സമർപ്പണമായിരുന്നു ആദ്യത്തെ ലക്ഷണം. ലൂക്കൊസ് പറഞ്ഞു, "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃത്തികൾ 2:42).

അപ്പൊസ്തലന്മാരുടെ ഉപദേശത്തോടുള്ള സഭയുടെ സമർപ്പണം കാണിക്കുന്നത് അവർ വിശ്വസ്തതയോടെ ഉപദേശത്തെ പിൻപറ്റി എന്നാണ്; ആരാധനയിൽ അവരുടെ കൂട്ടായ്മ, സേവനം, നല്കൽ; "അപ്പം നുറുക്കി"[1] കർത്തൃമേശ ആചരിക്കൽ; പ്രാർത്ഥന എന്നിവ അവർ തുടർന്നുവന്നു. അവരുടെ തല ക്രിസ്തുവായിരുന്നു, അവന്റെ അപ്പൊസ്തലന്മാർ മുഖാന്തരം ലഭിച്ച വചനത്തെ ആദരിച്ചുകൊണ്ട് അവന്റെ സഭയിലെ അവന്റെ നേതൃത്വത്തെ അവർ അംഗീകരിച്ചു.

അവന്റെ സഭയായി ലളിതമായി നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ ക്രിസ്തീയ ലോകത്തെ ഭിന്നതകളെ നാം അനുവദിക്കരുത്. മനുഷ്യനിർമ്മിത ശരീരമല്ല സഭ. അവർ പരിശുദ്ധാത്മാവിന്റെ സന്ദേശത്തോടു പറ്റിയിരിക്കുന്ന ഒരു കൂട്ടം ആളുകളാണ്, അങ്ങനെ അവർ സുവിശേഷം അനുസരിച്ചതുകൊണ്ട്, പരിശുദ്ധാത്മാവിനോട് യോജിപ്പിച്ചു ക്രിസ്തുവിന്റെ സഭയാക്കിയിരിക്കുന്നു. അവർ ക്രിസ്തുവിന്നു മാത്രം ഉള്ളവരാണ്. അവർ ഒരു മനുഷ്യ നേതൃത്വത്തെയല്ല കാണുന്നത്, പിന്നെയോ അവന്റെ വെളിപ്പെടുത്തിയ വചനം മുഖാന്തരം, ക്രിസ്തു തലയായ, ശരീരമായി തലയുടെ നിയന്ത്രണത്തിലായിരിക്കുന്നു. ദൈവശ്വാസിയ വചനത്തിൽ നിലനിന്നു കൊണ്ടു ക്രിസ്തുവിനോട് അവർ വിശ്വസ്തത സൂക്ഷിക്കുന്നു. അവരുടെ ദിനമ്പ്രതിയുള്ള ക്രിസ്തീയ ജീവിതവും, ലോകത്തിൽ കർത്താവിന്റെ കൈകളായി അവർ പ്രവർത്തിക്കയും, ക്രിസ്തീയാരാധനയിൽ അവരുടെ സഹായി ബൈബിൾ ആയിരിക്കയും ചെയ്യുന്നു.

സഭയെ പരിശുദ്ധാത്മാവ് ചിത്രമാക്കിയിരിക്കുന്നതു നോക്കിയാൽ സമർപ്പണത്തിൽ ശക്തമായ ലക്ഷണം നമുക്കു കാണാം.

## മനസ്സലിവിൽ നിസ്വാർത്ഥത

സഭയുടെ ദൈവിക ചിത്രത്തിൽ നിന്നു വിട്ടുകളയാൻ സാദ്ധ്യമല്ലാത്ത ഒരു സ്വഭാവവിശേഷതയായിരുന്നു അന്യോന്യമുള്ള നിസ്വാർത്ഥമായ മനസ്സലിവ്. അവർ സത്യത്തെ ആത്മാർത്ഥമായി

അനുസരിച്ചതിന്റെ ഫലമായി അവരിലുണ്ടായതാണ് പരസ്പരം മനസ്സലിവുള്ള സ്നേഹം. ലൂക്കൊസ് പറഞ്ഞു, "സകലവും പൊതുവക എന്നെണ്ണുകയും, ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടു കയും ചെയ്തു" (പ്രവൃത്തികൾ 2:45).

റോമാ സാമ്രാജ്യത്തെങ്ങുമുണ്ടായിരുന്ന യെഹൂദന്മാർ പെന്തെ ക്കൊസ്തു ആഘോഷിക്കാൻ വന്നതായിരുന്നു. ഈ പെന്തെ ക്കൊസ്തും സാധാരണപോലെ ആയിരിക്കും എന്നാണ് അവർ കരു തിയത്; എന്നാൽ, അവരെ പൂർണ്ണമായും അമ്പരപ്പിച്ചുകൊണ്ട്, അങ്ങനെ ആയിരുന്നില്ല. പ്രവാചകന്മാർ ആരാഞ്ഞ ചരിത്ര ദിവസ മായിരുന്നു അത്. പത്രൊസിന്റെ സന്ദേശം കേട്ടു കഴിഞ്ഞപ്പോൾ അനേകം യെഹൂദന്മാർ ക്രിസ്ത്യാനികളാകുവാൻ തീരുമാനിച്ചു (പ്രവൃത്തികൾ 2:41). അവർ ക്രിസ്തുവിനെ അനുസരിച്ചത് പെട്ടെ ന്നുള്ള ഒരു മാറ്റമായിരുന്നു. അവർ ഭാഗമായി തീർന്ന സഭയിൽ അപ്പൊസ്തലന്മാരിൽ നിന്നു കേട്ട് പഠിക്കുവാൻ അവർക്ക് അവിടെ കുറെനാൾ താമസിക്കേണ്ടി വന്നു. പെട്ടെന്ന് യെരുശലേമിൽ താമ സിക്കുവാൻ അവർ നേരത്തെ പദ്ധതിയിട്ടതായിരുന്നില്ല. അതു കൊണ്ട് അവർക്കു ചെലവ് നേരിടേണ്ടി വന്നു. അവർക്ക് ആഹാ രവും, പാർപ്പിടവും വേണ്ടിയിരുന്നു. ദൂരസ്ഥലത്തു നിന്നു വന്ന തങ്ങളുടെ സഹോദരങ്ങളായി തീർന്നവരുടെ പ്രതിസന്ധിയെ അവിടത്തുകാരായ ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിച്ചു? അവ രുടെ പ്രതികരണം മനസ്സലിവും സ്നേഹവും തുല്യമാക്കുന്ന അപൂർവ്വതയിലേക്കു നീങ്ങി. അവരുടെ സഹോദരങ്ങളെക്കുറി ച്ചുള്ള കരുതൽ ചിലരെ അവരുടെ വസ്തുക്കൾ വില്ക്കുവാൻ തുനിഞ്ഞു. തന്റെ സഭയുടെ ഭാഗമായവരിൽ എപ്പോഴും കാണു വാൻ ക്രിസ്തു ആഗ്രഹിച്ച വിശേഷതയായ മനസ്സലിവു ചിത്രീ കരിക്കുകയാണ് ചെയ്യുന്നത്.

അവരുടെ പങ്കിടലിലെ മനോഹാരിത വിവരണാതീതമാക്കുന്നത് അവർ അതു പൂർണ്ണമായും സ്വമേധാ ദാനമായി ചെയ്തു എന്നതാ ണ്. അപ്പൊസ്തലന്മാർ ആവശ്യപ്പെടുകയോ നിർബന്ധിക്കുകയോ ചെയ്യാതെയുള്ള ഒരു പ്രവൃത്തിയായിരുന്നു അത് (പ്രവൃത്തികൾ 5:4). ക്രിസ്തുവിന്റെ സ്നേഹവും മനസ്സലിവും അവരുടെ ഹൃദ യത്തിൽ നിന്നുയർന്നതിന്റെ പ്രകടനമായിരുന്നു അത്. നിസ്വാർത്ഥ മായ അനുകമ്പ എന്ന സ്വഭാവം, ക്രിസ്തു അവരിൽ ജനിപ്പിച്ചു.

എല്ലാവർക്കും തുല്യമായി വസ്തുവകകൾ ഉണ്ടാകേണ്ടതിന്നു

വെറുതെ നല്കുകയോ പങ്കിടുകയോ ആയിരുന്നില്ല അവർ ചെയ്തതു. അതൊരു സാമൂഹ്യ ജീവിതത്തിനുമായിരുന്നില്ല; അതു സ്നേഹത്താലുള്ള കരുതൽ ആയിരുന്നു. ആവശ്യമുള്ളവർക്കു വേണ്ടിയാണ് അവർ നല്കിയത്. അവർ *ആവശ്യങ്ങൾ* തൃപ്തിപ്പെടുത്തി, *അത്യാഗ്രഹങ്ങൾ* അല്ല. ആ *അടിയന്തിരാവസ്ഥകൾ നിറവേറ്റുവാൻ അവരെ നിർബന്ധിക്കുന്നതായി* അവർ അറിഞ്ഞു. ആളുകളുടെ ആവശ്യങ്ങൾ വർദ്ധിച്ചപ്പോൾ, അതു നിറവേറ്റുവാൻ മറ്റുള്ളവർ തയ്യാറായി - ത്യാഗോജ്വല നല്കലിനു പോലും!

ലൂക്കൊസ് സഭയെക്കുറിച്ച് പിന്നീട് പറഞ്ഞു, "മുട്ടുള്ളവൻ ആരും അവരിൽ ഉണ്ടായിരുന്നില്ല, നിലങ്ങളുടെയോ വീടുകളുടേയോ ഉടമസ്ഥന്മാരായവർ ഒക്കെയും അവയെ വിറ്റു വില കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വെയ്ക്കും, പിന്നെ ഓരോരുത്തന്നു അവനവന്റെ ആവശ്യം പോലെ വിഭാഗിച്ചു കൊടുക്കും" (പ്രവൃത്തികൾ 4:34, 35). അവൻ പറഞ്ഞു, "വിശ്വസിച്ചവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു, തനിക്കുള്ളതു ഒന്നും സ്വന്തം എന്നു ആരും പറഞ്ഞില്ല" (പ്രവൃത്തികൾ 4:32).

ക്രിസ്തുവിന്റെ സഭയുടെ അടിസ്ഥാനസ്വഭാവമാണ് മനസ്സലിവ്. അവന്റെ വചനത്തോട് അനുസരണവും വിശ്വസ്തതയും ഉള്ള ആളുകൾ ഇല്ലെങ്കിൽ അവന്റെ സഭ ഉണ്ടാകുകയില്ല; ക്രിസ്തുവിന്റെ ഹൃദയ പ്രകടനമായ മനസ്സലിവ് ഇല്ലാത്തവരാണെങ്കിലും സഭ നിലനില്ക്കുന്നില്ല എന്നു പറയാം. വാസ്തവത്തിലുള്ള ക്രിസ്ത്യാനികളിൽ ദൈവികസ്നേഹത്താലുള്ള സാഹോദര്യസ്നേഹം അവരുടെ ഹൃദയത്തിൽ വന്നിരിക്കും. യോഹന്നാൻ എഴുതി, "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു, കണ്ടിട്ടു അവനോട് മനസ്സലിവു കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?" (1 യോഹന്നാൻ 3:17).

സഭയെക്കുറിച്ചു ആത്മാവ് ആദ്യം നല്കുന്ന ചിത്രം, നിസ്വാർത്ഥമായ തുറന്ന മനസ്സലിവെന്ന പ്രധാന ലക്ഷണമാണ്.

### ക്രിസ്തുവിൽ ഒന്നായി

ക്രിസ്തുവിന്റെ സഭയുടെ മൂന്നാമത്തെ സ്വഭാവവിശേഷത ഈ ചിത്രത്തിൽ കാണുന്നത് അതിന്റെ ഐക്യതയാണ്. സുവിശേ

ഷവും അപ്പൊസ്തലന്മാരുടെ ഉപദേശവും അനുസരിച്ച് ആളുകളിൽ, പരിശുദ്ധാത്മാവ്, സഭയിലെ അംഗങ്ങളിൽ ഏക മനസ്സ് പ്രദാനം ചെയ്തു: ലൂക്കൊസ് പറഞ്ഞു, "എല്ലാവരും ഒരുമിച്ചിരുന്നു, എല്ലാം പൊതുവക എന്നെണ്ണുകയും ചെയ്തു" (പ്രവൃത്തികൾ 2:44). അവൻ പിന്നെയും പറഞ്ഞു, "ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ചെയ്തു" (പ്രവൃത്തികൾ 2:46).

യേശു പണിതതായ ഈ മനോഹരസഭയിലെ ഐക്യത നാം നോക്കുമ്പോൾ സഭയുടെ ചിത്രത്തിന്റെ പ്രഥമപ്രാധാന്യം നമ്മെ ഓർമ്മിപ്പിക്കയാണ്. യേശുവിന്റെ ഭൗമിക ജീവിതവും മരണവുമാണ് ഈ ചിത്രത്തിനിടയാക്കിയത്. ക്രിസ്തു വന്നതു ഏതു തരം സഭ പണിയുവാനാണ്? കൂട്ടായ്മയില്ലാത്ത, വ്യത്യസ്തപ്രമാണങ്ങൾ ഉള്ള, വിവിധ പേരുകൾ അനേകശരീരങ്ങളുള്ള ഒരു വലിയ സംഘടനയാണോ? അതല്ലെങ്കിൽ അവൻ തലയായി ഭരിക്കുന്ന ഒന്നായ ഒരു ശരീരം പണിയുവാനാണോ? അവന്റെ സഭ എങ്ങനെയായിരിക്കണം, ഈ ലോകത്ത് സഭ എങ്ങനെ ജീവിക്കണം എന്നു അവൻ ആഗ്രഹിക്കുന്നതു പുതിയ നിയമത്തിലെല്ലാം പ്രത്യേകിച്ച് പ്രവൃത്തി 2-ൽ വ്യക്തമായ ചിത്രം നമുക്കു കാണാം. ഈ ചിത്രം തെറ്റുകൂടാതെ സഭയുടെ സ്വഭാവ വിശേഷമായ ഏക മനസും ജീവിതവും വെളിപ്പെടുത്തിയിരിക്കുന്നു. അതാണ് അവന്റെ സഭ ആകണമെന്ന് അവൻ ആഗ്രഹിക്കുന്നത് മതലോകത്തിൽ ഉള്ള ഭിന്നതകൾ വെളിപ്പെടുത്തുന്നത്, മനുഷ്യൻ തന്റെ ലോകജ്ഞാനത്താൽ ക്രിസ്തുവിന്റെ സഭ വിട്ട് തന്റെ സ്വന്തനിലക്ക് സഭകൾ പണിതു എന്നാണ്.

കർത്താവിന്റെ സഭയുടെ ഐക്യം വിവാഹത്തിൽ ചിത്രീകരിക്കാം. ഒരു പുരുഷനും സ്ത്രീയും വിവാഹത്തിൽ ഒന്നാകുന്നു (എഫേസ്യർ 5:31). വിവാഹാഘോഷശേഷം, അവർ ഒരു പുതിയ കുടുംബമായി തീരുന്നു. ഇപ്പോൾ അവർ പരസ്പരം, ഒരു പുതിയ സ്വഭാവത്തിനുടമകളാകുന്നു. സ്വാർത്ഥലാഭവും വ്യക്തിപരമായ ലക്ഷ്യങ്ങളും ഇല്ലാതാകുന്നു; ഈ പുതിയ കുടുംബത്തിൽ പുതിയ അഭിലാഷങ്ങളും ലക്ഷ്യങ്ങളും വരുന്നു. അവർ ഒരുമിച്ചു ഒന്നായി ജീവിക്കുന്നു, ഒരു ഹൃദയവും ആത്മാവും ആയി, അറ്റകുറ്റം ഒരുമിച്ച് തീർക്കുന്നു. സ്നേഹത്താൽ അവരുടെ കുടുംബഭാവിക്കായി പ്രവർത്തിക്കുന്നു. എങ്ങനെ അവർക്കീ ഐക്യത കിട്ടി? പൊതുവായ ഉഭയ സമ്മതത്തോടെ വിവാഹത്തിലേക്ക് പ്രവേശിക്കയും

അവരുടെ വിവാഹ ഉടമ്പടി പാലിക്കയും ചെയ്തുകൊണ്ടാണ്. അവർ എങ്ങനെയാണ് ഈ ഐക്യത നിലനിർത്തുന്നത്? അതു അവർ അന്യോന്യം സ്നേഹിച്ചുകൊണ്ട്, പരസ്പരം ക്ഷമിച്ചു കൊണ്ട്, അവരുടെ വിവാഹ ഉടമ്പടി അവർ ആദരിച്ചുകൊണ്ട് വിവാഹാനുഗ്രഹങ്ങളെ നിലനിർത്തിക്കൊണ്ടാണ്.

ഇതു സഭയെക്കുറിച്ചും വാസ്തവമല്ലേ? സഭയുടെ ഐക്യത യിലേക്കു നാം എങ്ങനെ പ്രവേശിക്കും? വ്യക്തിപരമായ സമ്മത ത്താൽ, നാം ക്രിസ്തുവിന്റെ സുവിശേഷത്തോട് പറ്റിച്ചേരുവാൻ തീരുമാനിക്കയും അവന്റെ ശരീരമായ സഭയിൽ, പ്രവേശിക്കയും ചെയ്യുന്നു. നാം ആ ശരീരത്തിൽ പ്രവേശിക്കുമ്പോൾ, എല്ലാ അംഗ ങ്ങളെയും ക്രിസ്തുവിൽ നമ്മെ ഒന്നാക്കുന്നതു പരിശുദ്ധാത്മാ വാണ്? ഏകമനസോടും ഏക ഹൃദയത്തോടും ഏകാത്മാവോടും കൂടെ നാം അന്യോന്യം സ്നേഹിക്കുവാനും, സേവിക്കുവാനും, അവന്റെ ശരീരമായി ജീവിക്കുവാനും തുടങ്ങുന്നു. നാം എങ്ങനെ ഈ ഐക്യത നിലനിർത്തും? അതിനെ യോജിപ്പിച്ച് നിർത്തുന്നതു സ്നേഹത്താലും അന്യോന്യം ക്ഷമിച്ചും ക്രിസ്തുവിന്റെ വച നത്തെ ആദരിച്ചും ആരാധിച്ച്, സേവിച്ച് ദിനമ്പ്രതി അങ്ങനെ ജീവി ച്ചുകൊണ്ടുമാണ്.

ക്രിസ്തുവിന്റെ സഭയുടെ നിഷേധിക്കാനാവാത്ത സ്വഭാവ വിശേഷതയാണ് ഐക്യത. ഭിന്നത ഉള്ള സ്ഥലത്ത് വാസ്തവ ത്തിലുള്ള ക്രിസ്തുവിന്റെ സഭ ഉണ്ടാവുകയില്ല. നാം ക്രിസ്തു വിന്റെ ശരീരത്തിൽ പ്രവേശിക്കുമ്പോൾ നമുക്ക് ഈ ഐക്യത നല്കുന്നതു പരിശുദ്ധാത്മാവാണ്; നാം അവന്റെ ശരീരമായി ജീവി ക്കുന്നതുകൊണ്ട്, ഒന്നുകിൽ നാം അതിനെ നിലനിർത്തും അല്ലെ ങ്കിൽ ഉപദ്രവിക്കും. ക്രിസ്തുവിന്റെ ശരീരത്തിൽ ഭിന്നത എന്നതു ക്രിസ്ത്യാനികൾക്ക് ചിന്തിക്കാനേ കഴിയുകയില്ല. പരിശുദ്ധാത്മാവു നല്കിയ ചിത്രം അനുസരിച്ച്, ഈ ലോകത്തിൽ എവിടെ യെങ്കിലും ഐക്യതയുണ്ടെങ്കിൽ അതു ക്രിസ്തുവിന്റെ ശരീരത്തിലാണ്.

## ഇന്നു സഭയെ എങ്ങനെ തിരിച്ചറിയാം?

### അതിന്റെ ആരംഭം പരിഗണിക്കുക

പുതിയ നിയമസഭയെ തിരിച്ചറിയുന്നതിനുള്ള ഒരു വഴി അതിന്റെ ആരംഭസമയമാണ്. പുതിയ നിയമത്തിൽ പറഞ്ഞിട്ടി ല്ലാത്ത സമയത്ത് ആരംഭിച്ചിട്ടുള്ള സഭയൊന്നും പുതിയ നിയമ സഭയല്ല.

അവന്റെ വ്യക്തിപരമായ ശുശ്രൂഷയുടെ നാലിൽ മൂന്നുഭാഗ മായതോടെ യേശു വാഗ്ദാനം ചെയ്തു, "ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18). തന്റെ ഉയിർത്തെഴുന്നേല്പിനു ശേഷ മുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ ആ വാഗ്ദാനം നിറ വേറ്റി (പ്രവൃത്തികൾ 2:41-47). ആ പെന്തെക്കൊസ്തിനുശേഷം, പുതിയ നിയമത്തിലെല്ലാം സഭ നിലനില്ക്കുന്നതായിട്ടാണ് പറഞ്ഞി രിക്കുന്നത് (പ്രവൃത്തികൾ 5:11; 7:38; 8:1, 3).

"എന്റെ സഭ ആരംഭിച്ചത് പഴയ നിയമത്തിലാണ്," എന്നു ആരെങ്കിലും പറഞ്ഞു എന്നു വിചാരിക്കുക. അയാളുടെ സഭ വളരെ നേരത്തെ ആയി വരുവാനുള്ള രാജ്യത്തെ കുറിച്ചു പഴയ നിയമം മുന്നറിയിക്കുന്നുണ്ട്, എന്നാൽ സ്ഥാപിച്ചതായി പഴയ നിയ മത്തിൽ രേഖപ്പെടുത്തിയിട്ടില്ല. "എന്റെ സഭ ഏ.ഡി മൂന്നാം നൂറ്റാ ണ്ടിലാണ് ആരംഭിച്ചത്" എന്നു മറ്റാരെങ്കിലും പറഞ്ഞാൽ അയാ ളുടെ സഭ വളരെ താമസിച്ചു പോയി. അതുകൊണ്ട് അതു പുതിയ നിയമസഭയല്ല. ഭാവിയിൽ സ്ഥാപിക്കുവാനുള്ള ഒരു സഭയെക്കു റിച്ചു പുതിയ നിയമം പറയുന്നില്ല, മറിച്ച്, റോമാ സാമ്രാജ്യത്തെ ഇളക്കി ലോകത്തിലുടനീളം വ്യാപിക്കുന്നതിനെയാണ് പറയുന്നത്.

പൊതുവിൽ, പെന്തെക്കൊസ്തു സഭകൾ, നവോത്ഥാന കാല യളവിലോ അതിനു ശേഷമോ ആണ് നിലവിൽ വന്നത്. ഒരു തര ത്തിലുള്ള നാമധേയവിഭാഗവും പുതിയ നിയമത്തിലില്ല. പുതിയ നിയമസഭ സ്ഥാപിതമായ ശേഷം, നൂറ്റാണ്ടുകൾ കഴിഞ്ഞ്, പുതിയ നിയമ ക്രമത്തിൽ നിന്നു പിൻമാറിയാണ് നാമധേയ വിഭാഗങ്ങൾ രൂപപ്പെട്ടത്. ഏതൊരു നാമധേയവിഭാഗവും ആരംഭിക്കുന്നതിനു മുൻപു, ആളുകൾ ക്രിസ്ത്യാനികളായിത്തീർന്നു, അങ്ങനെ ജീവി ക്കുകയും ക്രിസ്തുവിന്റെ ശരീരമായി നിലനില്ക്കുകയും ചെയ്തി രുന്നു.

നിങ്ങൾ ഒരു പ്രത്യേക സഭയെ പരിഗണിക്കയാണെങ്കിൽ, ചോദിക്കുക, "അതിന്റെ ആരംഭം വാസ്തവത്തിൽ എപ്പോഴാണ്?" അതു കർത്താവിന്റെ ഉയിർപ്പിനുശേഷമുള്ള, ആദ്യത്തെ പെന്തെ ക്കൊസ്തു നാളല്ലാത്ത മറ്റേതൊരു തീയതിയിലാണെങ്കിലും അതു പുതിയ നിയമസഭയാകില്ല.

### അതിന്റെ ലക്ഷ്യം പരിഗണിക്കുക

പുതിയനിയമ സഭയെ തിരിച്ചറിയാവുന്ന മറ്റൊരു സ്വഭാവവി ശേഷത അതിന്റെ ഉദ്ദേശം അല്ലെങ്കിൽ ലക്ഷ്യം ആണ്. പുതിയ നിയമ സഭയായിരിക്കുക എന്നതല്ലാതെ ഈ ലോകത്ത് അതിനു

മറ്റൊരു ഉദ്ദേശമില്ല. അതുപോലെ ആയികാണുവാനോ, ഏതാണ്ട് അതുപോലെ ആകുവാനോ, അല്ലെങ്കിൽ, കുറെയൊക്കെ അടുത്തിരുന്നാൽമതി എന്നോ അല്ല, അതു അതുതന്നെ ആയിരിക്കുക എന്നതാണ് ലക്ഷ്യം!

"ഏതാണ്ട് പുതിയ നിയമസഭ?" എന്ന ചോദ്യം പരിഗണിക്കുമ്പോൾ, നിങ്ങൾ ഒരു പ്രത്യേക സഭയെ ചോദിച്ചേക്കാം, "അതിന്റെ ഈ ലോകത്തിലെ ഉദ്ദേശം അഥവാ ലക്ഷ്യം എന്താണ്?" പുതിയ നിയമസഭ ഈ ലോകത്ത് ക്രിസ്തുവിന്റെ ശരീരം ആയിരുന്നു. പൗലൊസ് പറഞ്ഞു, "അതുപോലെ, പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു" (റോമർ 12:5). ക്രിസ്തുവിന്റെ ശരീരമാകാൻ താല്പര്യപ്പെടാത്ത സഭ ഒരു സമൂഹത്തിലുണ്ടെങ്കിൽ അതു പുതിയ നിയമ സഭയല്ല.

ക്രിസ്തു ആളുകളെ വിളിച്ച് ശിഷ്യന്മാരാക്കുന്നത് അവരെ വിഭാഗമാക്കുവാനല്ല. അവൻ അവരെ ശിഷ്യന്മാരാക്കുന്നത്, അവർ ഈ ലോകത്ത് അവന്റെ ശരീരമാക്കുവാനാണ്. ഈ ശരീരം അവന്റെ നാമം ധരിക്കയും, ഈ ലോകത്ത് ദൈവനാമ മഹത്വത്തിനായി അവന്റെ വേല ചെയ്യുകയും വേണം.

## അതിന്റെ പരിശീലനങ്ങൾ പരിഗണിക്കുക

പുതിയ നിയമ സഭയെ തിരിച്ചറിയാവുന്ന മറ്റൊരു അടയാളമാണ് അതിന്റെ പരിശീലനങ്ങൾ. പുതിയ നിയമസഭയാണെന്നു പറയുന്നതു വേറെ, പരിശീലനം കൊണ്ട് അതു പുതിയ നിയമ സഭയെന്നു കാണിക്കുന്നതു വേറൊന്ന്. ഏതൊരു കൂട്ടത്തിനും കർത്താവിന്റെ സഭ എന്ന് അവകാശപ്പെടാം. എന്നാൽ എല്ലായ്പ്പോഴുമുള്ള അതിന്റെ പരിശീലനമാണ് ആ അവകാശം തെളിയിക്കുന്നത്.

പുതിയ നിയമസഭയുടെ പരിശീലനങ്ങൾ പുതിയ നിയമത്തിൽ എളുപ്പം കാണാവുന്നതാണ്. പുതിയ നിയമസഭ ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും ആരാധിക്കയും അന്നു അവർ അപ്പം നുറുക്കി കർത്താവിന്റെ മരണത്തെ പ്രസ്താവിച്ചു (പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 11:20; എബ്രായർ 10:25). ക്രിസ്ത്യാനികൾ ഒരുമിച്ചു പാടുകയും, ഹൃദയത്തിൽ കർത്താവിന്നു പാടി തമ്മിൽ പ്രബോധിപ്പിച്ചുമിരുന്നു. പുതിയ നിയമസഭ ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിച്ചതായ സൂചനയോ, അങ്ങനെ ചെയ്യുവാനുള്ള കല്പനയോ ഇല്ല (എഫെസ്യർ 5:19;

കൊലൊസ്യർ 3:16). അവരുടെ ഭൗതിക സമൃദ്ധിയുടെ ഒരു ഭാഗം ദൈവ വേലയ്ക്കും വിശുദ്ധന്മാരുടെ മുട്ടു തീർക്കുന്നതിനും അവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ധർമ്മശേഖരം നടത്തി (1 കൊരിന്ത്യർ 16:1, 2). അവർ ഒരുമിച്ചു പ്രാർത്ഥിക്കയും ദൈവ ശ്വാസിയരായ പുരുഷന്മാരിൽ നിന്നു കൂടുതൽ ദൈവേഷ്ടം അവർ കേട്ടു പഠിച്ചു (പ്രവൃത്തികൾ 2:42) (253 മുതൽ 256 വരെ യുള്ള പേജുകൾ നോക്കുക). വിഗ്രഹാരാധന, മെഴുകുതിരി, ധൂപ വർഗ്ഗം പുതിയ നിയമസഭയുടെ പരിശീലനത്തിലില്ല. ഓരോ പ്രാദേ ശിക സഭയും മൂപ്പന്മാരാൽ നിയന്ത്രിക്കപ്പെടുന്നത് പുതിയനിയമ സഭ (1 തിമൊഥെയോസ് 3:1-7), യേശുവിനെ ഏക തലയായി അവർ കണക്കാക്കും (1 തിമൊഥെയോസ് 3:8-11) സുവിശേഷകർ മൂപ്പ ന്മാർക്കു കീഴ്പ്പെട്ട് പ്രവർത്തിക്കും (2 തിമൊഥെയൊസ് 4:1, 2).

പുതിയ നിയമസഭ തിരിച്ചറിയുന്നതിന്നു, ബൈബിളിൽ പുതിയ നിയമസഭയുടെ പരിശീലനങ്ങൾ എന്തെല്ലാമെന്ന് നോക്കി, നമുക്കു ചുറ്റും കാണുന്ന സഭകളുടെ പരിശീലനങ്ങളുമായി താര തമ്മ്യം ചെയ്യുക. വാസ്തവത്തിലുള്ള പുതിയ നിയമ മാതൃകയോട് ചേരുന്നതായി കണ്ടാൽ, നാം കർത്താവിന്റെ സഭയായ, പുതിയ നിയമസഭ കണ്ടെത്തി.

## അതിന്റെ നാമനിർദ്ദേശങ്ങൾ പരിഗണിക്കുക

പുതിയ നിയമസഭ തിരിച്ചറിയുവാനുള്ള മറ്റൊരു അടയാളം അതിന്റെ നാമനിർദ്ദേശങ്ങളാണ്. പുതിയ നിയമസഭയ്ക്കു ഉപയോ ഗിച്ചിരിക്കുന്ന വിവരണ പദപ്രയോഗങ്ങൾ മറ്റു നാമധേയവിഭാഗ ങ്ങളിൽ നിന്നും അതിനെ വ്യത്യസ്തമാക്കുന്നു.

പുതിയ നിയമസഭയെ പുതിയ നിയമത്തിൽ "ക്രിസ്തുവിന്റെ ശരീരം" ആയി സൂചിപ്പിച്ചിട്ടുണ്ട് (എഫെസ്യർ 4:12), "ദൈവത്തിന്റെ സഭ" (1 കൊരിന്ത്യർ 1:2), "ക്രിസ്തുവിന്റെ സഭകൾ (റോമർ 16:16), "ആദ്യജാതന്മാരുടെ സഭ" (എബ്രായർ 12:23) "സ്വർഗ്ഗരാജ്യം" (മത്തായി 16:19), "സഭ" എന്നു മാത്രമായും പറഞ്ഞിരിക്കുന്നു (എഫെസ്യർ 1:22). ഈ പദപ്രയോഗങ്ങൾ സഭയുടെ അടയാളവും സ്വഭാവവും വിവരിക്കുന്നു. പേരുകളേക്കാൾ വിവരണം അവ യിൽ കാണാം.

പുതിയ നിയമത്തിൽ അറിയപ്പെടുന്ന പദപ്രയോഗങ്ങളിലല്ല ഒരു സഭ എന്നു കണ്ടെത്തിയാൽ എന്തു ചെയ്യും? തീർച്ചയായും

ആ സഭ സ്വീകരിക്കാവുന്നതല്ല. ആദ്യം ഈ സഭ പുതിയ നിയമത്തിലെ സഭയാണെങ്കിൽ, അവർ എന്തുകൊണ്ട് അതിന്നു പുതിയനിയമ പദപ്രയോഗങ്ങൾ എല്ലാവർക്കും തിരിച്ചറിയുവാൻ ഉപയോഗിക്കുന്നില്ല? മൂന്നാമത്, പുതിയ നിയമസഭ ചിന്തിക്കാതെ പുതിയ നിയമത്തിനു അന്യമായ പദപ്രയോഗങ്ങൾ സ്വീകരിക്കാൻ എളുപ്പമാണ്. തീർച്ചയായും, ഇതു ആരെങ്കിലും അവരെ ബോധ്യപ്പെടുത്തി കൊടുത്താൽ, ആളുകളെ തെറ്റിദ്ധരിപ്പിക്കാതിരിക്കാൻ അവർ പുതിയ നിയമ പദപ്രയോഗങ്ങൾ സ്വീകരിക്കാൻ തയ്യാറാകും.

ഒരു സഭ പുതിയ നിയമസഭ ആകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, അതു പുതിയ നിയമസഭയുടെ സ്വഭാവവിശേഷതകൾ വളർത്തി എടുക്കുകയും, അതു പുതിയ നിയമസഭയാണെന്ന് എല്ലാവരേയും ബോധ്യപ്പെടുത്തുകയും ചെയ്യും. പുതിയ നിയമത്തിൽ സഭയ്ക്കു നല്കിയിരിക്കുന്ന നാമ നിർദ്ദേശങ്ങൾ മാത്രം സ്വീകരിക്കും.

**ഉപസംഹാരം**

പുതിയ നിയമസഭയ്ക്കു പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ ചിത്രത്തിൽ മറ്റു മതവിഭാഗങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്ന അമ്പരപ്പിക്കുന്ന മൂന്നു സ്വഭാവ വിശേഷതകളുണ്ട്. ആദ്യം, അവന്റെ സഭ എന്നതു അവന്റെ വചനം അനുസരിക്കയും അവർ തുടർന്നു സ്ഥിരമായി ദൈവശ്വാസീയ വചനത്തിൽ നിലനില്ക്കുകയും ചെയ്യുന്ന ആളുകളാണ്. രണ്ടാമത്, അവന്റെ സഭ അന്യോന്യം മനസ്സലിവു പ്രകടിപ്പിക്കും, ഭൗതിക നിക്ഷേപത്തേക്കാൾ അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കരുതലുള്ള ഒന്നാണ് അവന്റെ സഭ. മൂന്നാമത്, ക്രിസ്തുവിന്റെ സുവിശേഷം മുഖാന്തരം സഭയിൽ പ്രവേശിക്കുന്ന ഓരോരുത്തരും പരിശുദ്ധാത്മാവിനാൽ ഒന്നായിരിക്കയും ആ ഐക്യത സ്നേഹത്താലും ക്രിസ്തുവിന്റെ വചന പ്രകാരം ദിനമ്പ്രതി ജീവിക്കുന്നതിനാലും അതു സൂക്ഷിക്കുന്നു. ഏകഹൃദയവും ജീവിതവും ഉള്ള ഏകകുടുംബമായിട്ടാണ് സഭയെ വെളിപ്പെടുത്തിയിരിക്കുന്നത്!

പിന്നെ, എങ്ങനെ, നമുക്കു ഇന്നു ക്രിസ്തുവിന്റെ സഭയാകാം? രണ്ടു വാക്കുകൾ ആ രീതിക്കു പറയുന്നുണ്ട്: “പകർത്തലും” “സമർപ്പണവും” ഈ പാഠത്തിലെ ക്രിസ്തുവിന്റെ അനുഗാമിയാകുന്നതെങ്ങനെ എന്നതു നമുക്കു പകർത്താം. ഈ ആളുകൾ പത്രൊസിന്റെ പ്രസംഗം കേട്ട് നിലവിളിച്ചു, “ഞങ്ങൾ എന്തു

ചെയ്യേണ്ടു?" പത്രൊസ് അവരോട് പറഞ്ഞു, "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട്, പാപങ്ങളുടെ മോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പ്പിൻ, ..." (പ്രവൃത്തികൾ 2:38). വചനത്താൽ അവരിൽ വിശ്വാസം ജനിച്ചതുകൊണ്ട്, അവർ മാനസാന്തരപ്പെട്ടു, അവരുടെ പാപമോചനത്തിനായി സ്നാനമേല്ക്കുകയും കർത്താവ് അവരെ അവന്റെ സഭയോട് ചേർക്കുകയും ചെയ്തു. ആരെങ്കിലും ഈ മാർഗ്ഗം പിൻപറ്റുകയാണെങ്കിൽ, കർത്താവ് അന്നു അവരോട് ചെയ്തതു ഇന്നു ഇവരോടു ചെയ്യും. അവൻ അവരെ സ്നേഹിച്ചതുപോലെ നമ്മെയും സ്നേഹിക്കും; അവർക്കു വേണ്ടിയും നമുക്കു വേണ്ടിയും അത്രേ അവൻ മരിച്ചത്.

നമുക്കു ക്രിസ്തുവിന്റെ വചനം അനുസരിക്കയും നമ്മുടെ ജീവിതം അവന്റെ സഭയായി ജീവിക്കുവാൻ സമർപ്പിക്കയും ചെയ്യാം പ്രവൃത്തി 2-ലെ ചിത്രം അനുസരിച്ച്, ഇതു ചെയ്യേണ്ടതു, ക്രിസ്തുവിന്റെ വചനം മുറുകെ പിടിച്ചുകൊണ്ടാണ്, ക്രിസ്തുവിന്റെ ഹൃദയവുമായി ജീവിച്ച് ക്രിസ്തുവിൽ അവന്റെ സഭയിൽ പരിശുദ്ധാത്മാവിനാൽ നല്കിയ ഐക്യതയിൽ കഴിയുകയും വേണം.

ക്രിസ്തുവിന്റെ സഭ എങ്ങനെ ഇരിക്കുമെന്ന് ഇപ്പോൾ നമുക്കറിയാം. ക്രിസ്തുവിന്റെ സഭയാകുവാനുള്ള തീരുമാനം നമുക്കെടുക്കാം.

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പോന്നു" എന്ന പ്രയോഗത്തെ വിശദമാക്കുക (പ്രവൃത്തി 2:42). ആ പ്രയോഗം നമുക്ക് ഇന്ന് എന്തർത്ഥമാണ് ഉളവാക്കുന്നത്?
2. യെരുശലേം സഭയ്ക്ക് ഉണ്ടായിരുന്ന ഐക്യതയെ വിവരിക്കുക?
3. ക്രിസ്തുവിന്റെ സഭയെ ഇന്ന് എങ്ങനെ കാണാൻ കഴിയും?
4. പുതിയ നിയമസഭ ഏതെന്ന് ഒരു ദൂരവ്യാപകമായ തീരുമാനമാകുന്നത് എന്തുകൊണ്ട്?
5. പ്രവൃത്തികൾ 2-ൽ നിന്നു പെന്തെക്കൊസ്തു നാളിൽ ആണ് പുതിയ നിയമസഭ ആരംഭിച്ചതെന്ന് തെളിയിക്കുന്ന തിരുവെഴുത്തിലെ വാക്യങ്ങൾ നല്കുക?
6. എപ്പോഴാണ് നാമധേയ വിഭാഗങ്ങൾ വരാൻ തുടങ്ങിയത്?
7. ആരാണ് ക്രിസ്തുവിന്റെ ശരീരത്തെ സംയോജിപ്പിക്കുന്നത്? വ്യക്തി

കളായ ക്രിസ്ത്യാനികളോ അതോ നാമധേയ വിഭാഗീയ സഭകളോ? (1 കൊരിന്ത്യർ 12:24 നോക്കുക).

8. പുതിയ നിയമത്തിൽ സഭയ്ക്കു അതിന്റേതായ നാമനിർദ്ദേശം കൊടുത്തിരിക്കാൻ കാരണം?
9. ഇന്ന് സഭകൾ, പുതിയ നിയമസഭയുടെ പരിശീലനമാണോ നടത്തുന്നത്?

## വാക്ക് സഹായങ്ങൾ

**അപ്പം നുറുക്കൽ** - കർത്തൃമേശ എടുക്കൽ (പ്രവൃത്തികൾ 2:42, 20:7 നോക്കുക).

**ശുശ്രൂഷകന്മാർ** - യോഗ്യതയുള്ള പുരുഷന്മാർ (1 തിമൊഥെയൊസ് 3:8-13) ഇടവകയെ മൂപ്പന്മാർക്കു കീഴിൽ സേവിക്കുവാൻ തിരഞ്ഞെടുക്കപ്പെടുന്നവർ (ഫിലിപ്പിയർ 1:1; പ്രവൃത്തികൾ 20:28).

**മൂപ്പന്മാർ** - പ്രാദേശിക ഇടവകയെ നടത്തേണ്ടതിന്നു തിരഞ്ഞെടുക്കപ്പെടുന്ന പക്വതയുള്ള പുരുഷന്മാർ (1 തിമൊഥെയൊസ് 3:1-7).

**ഉപകരണ സംഗീതം** - വീണക്കമ്പി, തമ്പുരു, കീബോർഡ്, ഡ്രം തുടങ്ങിയമനുഷ്യനിർമ്മിത ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പാട്ടു പാടൽ പുതിയ നിയമത്തിൽ ആരാധനയുടെ ഭാഗമായി ഇല്ല. നമ്മുടെ പരസ്യാരാധനയിൽ പാട്ടു പാടുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ട് (എബ്രായർ 2:12; എഫെസ്യർ 5:19; കൊലോസ്യർ 3:16). സ്വകാര്യ ധ്യാനത്തിലും പാട്ടുപാടുവാൻ യാക്കോബ് 5:13-ൽ നിർദ്ദേശിച്ചിട്ടുണ്ട്.

**പ്രൊട്ടസ്റ്റൻഡ്** - എതിരായ നവോത്ഥാന തത്വത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസവും പരിശീലനവും നടത്തുന്ന മതപരമായ കൂട്ടത്തെ മനുഷ്യർ വിളിച്ച പേരാണിത്. ഈ പ്രസ്ഥാനത്തിന്റെ നായകന്മാർ ചില കത്തോലിക്കാ പരിശീലനത്തെ "എതിർത്തു" (ഉദാഹരണമായി പോപ്പിന്റെയും പുരോഹിതന്റെയും അധികാരത്തെ അംഗീകരിക്കുന്നത്). ഈ പ്രസ്ഥാനം ഏതാനും തെറ്റുകളെ ത്യജിച്ചു എന്നതു ശരിയാണ് പക്ഷെ പുതിയ നിയമസഭ ദൈവവചനത്തിൽ - അധിഷ്ഠിതമായിരിക്കണം അല്ലാതെ മറ്റുള്ളവർ പരിശീലിക്കുന്നതിനോടുള്ള പ്രതികരണമായിട്ടല്ല.

---

കുറിപ്പ്

[1]കർത്തൃമേശ എപ്പോഴൊക്കെ ആചരിക്കണമെന്ന് ഈ വേദഭാഗത്ത് ലൂക്കൊസ് വിവരിക്കുന്നില്ല, എന്നാൽ അവൻ പ്രവൃത്തി 20:7-ൽ സഭയായി യേശു ഉയിർത്തെഴുന്നേറ്റ ദിവസമായ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും മേശയിൽ നിന്നു പങ്കെടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്.